നം.കെ.എസ്.എ.പി.റ്റി.എ.പി5/660/2017 തീയതി: 16.06.2017

പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 02.01.2017 മുതൽ 30.04.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എല്ലാ അന്വേഷണ ക്കുറിപ്പുകൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.05.2017 മുതൽ 31.05.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ. ജോർജ് പി മാത്യൂ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>ശ്രീ. അരുൺ എസ്. നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. അരുൺകുമാർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. സാംസൺ തെക്കേതിൽ | 01.04.2016മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. എൻ. പ്രകാശ് | 01.04.2016 മുതൽ 31.05.2016വരെ |
| | ശ്രീമതി റ്റി. ആർ. ഫാത്തിമാബീവി | 01.06.2016 മുതൽ 20.12.2016 വരെ<br>(അധികചുമതല) |
| | ശ്രീ. ജി.പ്രഭാകരൻപിള്ള | 21.12.2016 മുതൽ 31.03.2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

<u>അനുബന്ധം</u>

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2016-17
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2016-17
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2016-17

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ- അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | തനത് വരുമാനം | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം-2 | |
| 12 | മൊബൈൽ ടവറുകളുടെ വസ്തുനികുതി -കുടിശിക ഈടാക്കാൻ അവശേഷിക്കുന്നു | 2-1 |
| 13 | വാടക- ഗ്രാമസേവാകേന്ദ്രത്തിനായി മാറ്റിവെച്ച മുറി ഉപയോഗയോഗ്യമാക്കിയിട്ടില്ല | 2-2 |
| 14 | പരസ്യ നികുതി പിരിവിന് നടപടികൾ സ്വീകരിച്ചിട്ടില്ല | 2-3 |
| | ഭാഗം 3 | |

| | | |
|---|---|---|
| 15 | പാലിയേറ്റീവ് കെയർ പദ്ധതിമാർഗരേഖയ്ക്ക് വിരുദ്ധമായി തുക അധികം ചെലവഴിച്ചു | 3-1 |
| 16 | കെ.എം.എസ്.സി.എല്ലിൽ നിന്നും മരുന്നുകളും സഹായഉപകരണങ്ങളും ലഭിക്കാൻ അവശേഷിക്കുന്നു | 3-2 |
| 17 | ഔഷധിയിൽ നിന്നും മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു | 3-3 |
| 18 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ - ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകിയില്ല | 3-4 |
| 19 | എസ്.എസ്.എ പദ്ധതി- തുക നൽകുന്നതിൽ മാത്രം പരിമിതപ്പെടുന്നു | 3-5 |
| 20 | ഗാന്ധി സ്മൃതി മണ്ഡപം - വയറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല | 3-6 |
| 21 | പഞ്ചായത്ത് ഓഫീസ് കെട്ടിടം വൈദ്യുതീകരണം - തുക ചെലവഴിച്ചെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല | 3-7 |
| 22 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 3-8 |
| 23 | ലൈബ്രറി സെസ്സ് ഒടുക്കു വരുത്തിയിട്ടില്ല | 3-9 |
| 24 | പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചില്ല | 3-10 |
| 25 | ഐ.എ.വൈ അധികധനസഹായം(എസ്.സി.പി) - വിനിയോഗരേഖകൾ ലഭ്യമായിട്ടില്ല | 3-11 |
| 26 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ- പ്രവൃത്തി നടന്നിട്ടില്ല | 3-12 |
| 27 | അംഗൻവാടികളുടെ മെയിന്റനൻസ് - പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 3-13 |
| 28 | സർവീസ് ടാക്സ് സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല | 3-14 |
| 29 | എസ്.സി.പി ഫണ്ട് വിനിയോഗത്തിൽ മാർഗ്ഗരേഖാലംഘനം | 3-15 |
| 30 | മരാമത്തുപ്രവൃത്തികൾ - ചെലവു രേഖകൾ ഹാജരാക്കാതെ പ്രതിഫലം നൽകി | 3-16 |
| 31 | ആശ്രയ പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല | 3-17 |
| | ഭാഗം-4 | |
| 32 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 33 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 34 | വായ്പ/വായ്പ തിരിച്ചടവ് | 4-3 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 36` | ഓഡിറ്റ് റിക്കവറി | 4-5 |

| | | |
|---|---|---|
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 05.03.2016 തീയതിയിലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 01.07.2016-ൽ പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | ബജറ്റിൽ പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 9260388 | 5824451 | | 3435937 |
| വരവ് | 45808302 | 34459860 | | 11348442 |
| ആകെ | 55068690 | 40284311 | | 14784379 |
| ചെലവ് | 43969138 | 32222824 | | 11746314 |
| നീക്കിയിരിപ്പ് | 11099552 | 8061487 | | 3038065 |

മുന്നിരിപ്പ് തുകയിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. യാഥാർത്ഥ്യബോധമില്ലാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് കണക്കുകളിൽ നിന്നും വ്യക്തമാണ്. മുൻവർഷത്തെ ബഡ്ജറ്റ്, യഥാർത്ഥ തുക, ഇവ തമ്മിലുള്ള അന്തരം, ബഡ്ജറ്റ് മാന്വലിലെ നിർദ്ദേശ പ്രകാരം, നിശ്ചിത ശതമാനം വർദ്ധനവ് എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമേ പ്രതീക്ഷിത ബഡ്ജറ്റ് തയ്യാറാക്കുവാൻ പാടുള്ളൂ. ഭാവിയിൽ ഈ നിബന്ധന പാലിച്ച് ബഡ്ജറ്റ് തയ്യാറാക്കേണ്ടതാണ്.

വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ച മുറയ്ക്ക് ബജറ്റ് പുതുക്കി ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 15/05/2017 | 20.05.2017 |

## 1-3 അക്കൗണ്ട് സർട്ടിഫിക്കേഷൻ - അപാകതകൾ

ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും, ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകളും, രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ B3 : ഗുണഭോക്തൃവിഹിതം(വിനിയോഗിച്ചത്) എന്നയിനമായി 736400രൂപ

ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ശരിയല്ല.

2. ഷെഡ്യൂൾ B7 : വാടക ഡെപ്പോസിറ്റ് ഇനത്തിൽ കാണിച്ചിരിക്കുന്ന തുക 54415രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ 49610രൂപയുടെ വിവരങ്ങൾ മാത്രമേ കാണിച്ചിട്ടുള്ളൂ. ലേലമിനത്തിലുള്ള ഡെപ്പോസിറ്റ് തുകയായി രേഖപ്പെടുത്തിയിരിക്കുന്ന 100900രൂപയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3. ഷെഡ്യൂൾ B9 : താഴെ പറയുന്ന ഇനങ്ങളിൽ ബാദ്ധ്യതയായി കാണിച്ചിട്ടുള്ള തുകകളിൽ വ്യത്യാസമുണ്ട്.

| ഇനം | അക്കൗണ്ട്സിൽ കാണിച്ചിട്ടുള്ള തുക | യഥാർത്ഥ ബാദ്ധ്യത |
|---|---|---|
| പെൻഷൻ കോൺട്രിബ്യൂഷൻ | 79143 | 50047 |
| ജി.പി.എഫ് | 15958 | 10000 |
| കെ.പി.ഇ.പി.എഫ് | 69000 | 74000 |
| എസ്.എൽ.ഐ | 4850 | 5000 |
| ജി.ഐ.എസ് | 7000 | 4000 |

4. ഷെഡ്യൂൾ B-11 : തൻവർഷം അനവധി റോഡുകൾ കോൺക്രീറ്റ് ചെയ്തിട്ടുണ്ടെങ്കിലും മുൻവർഷത്തെ ബാലൻസ് തുകയായ 3066054രൂപ തന്നെയാണ് ആസ്തിയായി കാണിച്ചിരിക്കുന്നത്.

5. ഷെഡ്യൂൾ B-17, 40(a), 40(b) എന്നിവയിൽ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ ബാലൻസ് ആയി കാണിച്ചിരിക്കുന്ന തുകകളിൽ വ്യത്യാസമുണ്ട്. അക്കൗണ്ട്സിൽ കാണിച്ചിരിക്കുന്ന മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകൾ യഥാക്രമം 1732385രൂപയും, 885863രൂപയുമാണ്. എന്നാൽ പാസ്ബുക്ക് പ്രകാരം ഇവ യഥാക്രമം 1620783രൂപയും 814214രൂപയുമാണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.(മുൻവർഷത്തെ അക്കൗണ്ട്സിലും പ്രസ്തുത അക്കൗണ്ടിലെ വ്യത്യാസം പരാമർശിച്ചിരുന്നു. അപാകത പരിഹരിച്ചിട്ടില്ല)

6. ഷെഡ്യൂൾ RP-3, RP-34, RP-43 എന്നിവയിൽ വാടക ഇനത്തിൽ കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല.

7. ഷെഡ്യൂൾ RP-4, I-4(b) എന്നിവയിൽ മാർക്കറ്റ് വരവായി കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല.

പ്രസ്തുത അപാകതകൾ പരിഹരിക്കേണ്ടതാണ്. വാർഷിക കണക്കിലെ അപാകതകൾ യഥാസമയം പരിഹരിക്കാതിരിക്കുന്നത്, പിന്നീടുള്ള വർഷങ്ങളിലെ ഗ്രാന്റിന്റെ അനുമതിയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഈ വിഷയത്തിൽ സെക്രട്ടറി അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5824451 |
| വരവ് | 34459860 |
| ആകെ | 40284311 |
| ചെലവ് | 32222824 |
| നീക്കിയിരിപ്പ് | 8061487 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട്-പൊതുവിഭാഗം | - | 6527494 | 6527494 | 6391315 | 136179 | 98% |
| വികസനഫണ്ട്-എസ്.സി.പി. | - | 4884351 | 4884351 | 4321031 | 563320 | 88 |
| വികസനഫണ്ട്- | - | 66114 | 66114 | ഇല്ല | 66114 | 0 |

| | | | | | | |
|---|---|---|---|---|---|---|
| റ്റി.എസ്.പി. | | | | | | |
| സംരക്ഷണ ഗ്രാന്റ്- റോഡ് | - | 6793221 | 6793221 | 2827111 | 3966110 | 42 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | - | 2554755 | 2554755 | 2310287 | 244468 | 90 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 3660462 | 3660462 | 2709039 | 951423 | 74 |
| പെർഫോർമൻസ് ഗ്രാന്റ് | 9307 | 1917039 | 1926346 | 1756780 | 169566 | 91 |
| എൻ.ആർ.ഇ. ജി.എസ് | 2465 | 9157798 | 9160263 | 9160064 | 199 | 99.95 |

റ്റി.എസ്.പി ഫണ്ട് 66114രൂപ ലഭിച്ചിരുന്നെങ്കിലും തുകയൊന്നും തന്നെ ചെലവഴിച്ചില്ല. 164769രൂപ വകയിരുത്തി 3 പ്രൊജക്റ്റുകൾ ആവിഷ്ക്കരിച്ചിരുന്നുവെങ്കിലും ഒരു പ്രൊജക്റ്റും നടപ്പാക്കിയില്ല എന്നത് ഭരണസമിതിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി വിലയിരുത്തുന്നു. സംരക്ഷണഗ്രാന്റ് റോഡിനത്തിൽ പകുതി തുക പോലും ചെലവഴിച്ചില്ല എന്നതും പോരായ്മയാണ്. ലഭ്യമായ തുകയിൽ കൂടുതൽ തുക വകയിരുത്തി പദ്ധതി ആവഷ്കരിച്ചത് പദ്ധതി ആസൂത്രണത്തിലെ വീഴ്ചയായി വിലയിരുത്തുന്നു. 19.09.2015 ലെ ജി.ഒ(പി) നം. 419/2015/ധന ഉത്തരവ് പ്രകാരം 2015-16 വർഷം മുതൽ വികസന ഫണ്ട് / മെയിന്റനൻസ് ഗ്രാന്റ് എന്നിവയ്ക്ക് നീക്കിയിരിപ്പ് ഇല്ല. നീക്കിയിരിപ്പായി കാണിച്ച തുകകകൾ സ്പിൽ ഓവർ പ്രൊജക്റ്റുകൾക്കായി 2017-18 വർഷം സ്പെഷ്യൽ അലോട്ട്മെന്റ് ആയി അനുവദിക്കുന്നതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 151 | 115 | -- | 36 | 76 |

## 1-7 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| മേഖല | അംഗീകരിച്ച പ്രൊജക്റ്റുകൾ | | നടപ്പിലാക്കിയ പ്രൊജക്റ്റുകൾ | | |
|---|---|---|---|---|---|
| | എണ്ണം | ആകെ തുക | എണ്ണം | ചെലവ് തുക | ചെലവ് % |
| ഉല്പാദനം | 15 | 4342384 | 14 | 2707634 | 62 |
| സേവനം | 51 | 16132055 | 43 | 10425983 | 64.63 |
| പശ്ചാത്തലം | 85 | 15567205 | 58 | 9115641 | 58.56 |
| മേഖലാ വിഭജനത്തിൽപ്പെടാത്തത് | - | - | - | - | - |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ | ഗുണഭോക്താക്കളുടെ | ചെലവഴിച്ച |
|---|---|---|

| പേര് | എണ്ണം | തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 281 | 2385680 |
| വാർദ്ധക്യകാല പെൻഷൻ | 970 | 10966165 |
| വിധവാ പെൻഷൻ | 424 | 3803880 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 14 | 116930 |
| വികലാംഗ പെൻഷൻ | 156 | 1529020 |
| തൊഴിൽ രഹിത വേതനം | 14 | 28680 |

## 1-9 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 879058 | 961190 | 82132 | (+)9% |
| നികുതിയേതര വരവുകൾ | 5273313 | 5881469 | 608156 | (+)12% |
| ആകെ | 6152371 | 6842659 | 690288 | (+)11% |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.05.2017ൽ 3.00 പി.എം.ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 19081/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.03.2017 | 12/2016 | 23.05.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25/08/2008 മുതൽ 10/09/2008 വരെ | 1997-98മുതൽ 2007-08വരെ | 18/10/2008 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി -കുടിശിക ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകളിൽ നിന്നും 2008-09 മുതലുള്ളത് ഉൾപ്പെടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു. വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ടവറിന്റെ വിവരം | നികുതി | ഏതു വർഷം മുതൽ ഈടാക്കാൻ അവശേഷിക്കുന്നു |
|---|---|---|---|---|
| 1 | 3/102 A | ഹച്ചിസൺ എസ്സാർ | 16602 | 2014-15 |
| 2 | 3/102 B | ഭാരതി ടെലിവെഞ്ചേഴ്സ് | 18581 | 2015-16 |
| 3 | 3/102 C | ഇൻഡസ് ടവേഴ്സ് | 8901 | 2014-15 |
| 4 | 7/363 | ഇൻഡസ് ടവേഴ്സ് | 12938 | 2013-14 |
| 5 | 8/292 | ബി.എസ്.എൻ.എൽ. | 17710 | 2015-16 |
| 6 | 9/146 | ഇൻഡസ് ടവേഴ്സ് | 20221 | 2015-16 |
| 7 | 11/368A | ടാറ്റ ടെലി സർവ്വീസസ് | 14333 | 2008-09 |

വസ്തുനികുതി കുടിശിക സഹിതം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

### 2-2 വാടക- ഗ്രാമസേവാകേന്ദ്രത്തിനായി മാറ്റിവെച്ച മുറി ഉപയോഗയോഗ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നമ്പർ 8 നിലവിൽ പതിമൂന്നാം വാർഡിലെ ഗ്രാമസേവാകേന്ദ്രം പ്രവർത്തനത്തിന് വിട്ടുനൽകിയിട്ടുള്ളതായി രജിസ്റ്ററിന്റെ പരിശോധനയിൽ കണ്ടു. എന്നാൽ, പഞ്ചായത്തിൽ ഒരു വാർഡിലും ഗ്രാമസേവാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടുണ്ട്. 2011-12 വർഷം വരെ പ്രസ്തുത മുറിയിൽ നിന്നും വാടക ലഭിച്ച് കൊണ്ടിരുന്നു. 2012-13, 2014-15 വർഷങ്ങളിൽ പ്രസ്തുത മുറിയുടെ ലേലം നടന്നില്ല, 2015-16 വർഷം പ്രസ്തുത മുറിയുടെ ലേലം നടത്തിയില്ല. തൻ വർഷം മുതലാണ് പ്രസ്തുത മുറി ഗ്രാമസേവാകേന്ദ്രമായി ഉപയോഗിക്കാൻ തീരുമാനിച്ചത്. 2016-17, 2017-18 വർഷവും തൽസ്ഥിതി തുടർന്ന് വരുന്നു. ഈ മുറി ഉപയോഗശൂന്യമായ അവസ്ഥയിലാണ്. ആയത് അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തി ലേലത്തിന് വച്ച് വാടക ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-3 പരസ്യ നികുതി പിരിവിന് നടപടികൾ സ്വീകരിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ്, ഉപവകുപ്പുകൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിന്മേൽ ഗ്രാമപഞ്ചായത്തിന് നികുതി പിരിക്കുന്നതിനും ഇതിനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതുമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.5.2005-ലെ സി5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി അംഗീകാരം വാങ്ങി, പരസ്യ നികുതി പിരിക്കുന്നതിന് പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. തിരുവല്ല-കുമ്പഴ സംസ്ഥാനപാത കടന്നു പോകുന്നതും പത്തനംതിട്ട നഗരപ്രദേശത്തോടു സാമിപ്യവുമുള്ള പ്രദേശമായതിനാൽ പരസ്യ നികുതിയ്ക്ക് സാദ്ധ്യത ഉണ്ട്. സംസ്ഥാന പാതയോരത്ത് നിരവധി വലിയ പരസ്യ ബോർഡുകളും, ഹോർഡിംഗുകളും ഉണ്ടെങ്കിലും പരസ്യ നികുതി പിരിവ് നടത്തുന്നില്ല.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 21.2.2013-ലെ WP(C) നമ്പർ 27011/12 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ 25.10.2013-ൽ പുറപ്പെടുവിച്ച 71806/RC2/ 2012/LSGD നമ്പർ സർക്കുലർ പ്രകാരം ഗതാഗത തടസ്സമുണ്ടാകുന്ന രീതിയിൽ റോഡുകൾ, റോഡരികുകൾ എന്നിവടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ, ഹോർഡിംഗുകൾ, കമാനങ്ങൾ എന്നിവ നീക്കം ചെയ്യണമെന്ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. സുഗമമായ ഗതാഗതത്തിന് വിഘ്നം സൃഷ്ടിക്കുന്ന തരത്തിൽ വാഹന യാത്രക്കാരുടെയും കാൽനട യാത്രക്കാരുടെയും കാഴ്ച തടസ്സപ്പെടുത്തിക്കൊണ്ടും, അപകടകാരണമായേക്കാവുന്ന രീതിയിലും ട്രാഫിക് ഐലന്റ്, മീഡിയൻ, ഫുട്പാത്ത് തുടങ്ങി ഏതിടങ്ങളിലും സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ സ്വമേധയാ ഗ്രാമപഞ്ചായത്തിന് നീക്കം ചെയ്യാമെന്ന് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പാലിയേറ്റീവ് കെയർ പദ്ധതിമാർഗരേഖയ്ക്ക് വിരുദ്ധമായി തുക അധികം ചെലവഴിച്ചു

പാലിയേറ്റീവ് കെയർ പദ്ധതിമാർഗരേഖയ്ക്ക് വിരുദ്ധമായി 57600 രൂപ വാഹനവാടക ഇനത്തിൽ അധികമായി ചെലവഴിച്ചിട്ടുണ്ട്. ഹോം കെയർ ടീമിന്റെ യാത്രയ്ക്ക് പ്രതിദിനവാടക 1000 രൂപയും വെയിറ്റിംഗ് ചാർജായി 300 രൂപയും ചെലവിട്ടിട്ടുണ്ട്. ഹാജരാക്കിയ ട്രിപ്പ് ഷീറ്റുകളുടെ പകർപ്പുകൾ പ്രകാരം ഹോംകെയറിനായി ഒരു ദിവസം 35 കിലോമീറ്ററിനും 40 കിലോമീറ്ററിനും ഇടയിലുള്ള ദൂരമാണ് വാഹനം ഓടിയിട്ടുള്ളത്. പാലിയേറ്റീവ് പരിചരണ മാർഗരേഖ ( ജി.ഒ.(ആർ.ടി.) 3217/2015 ത.സ്വ.ഭ.വ. തീയതി 29.10.2015) ഖണ്ഡിക 2.6.5 പ്രകാരം വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ 35-44 കിലോമീറ്റർ വരെയുള്ള യാത്രക്ക് നൽകാവുന്ന പരമാവധി പ്രതിദിന വാടക 1000 രൂപ മാത്രമാണ്. എന്നാൽ ഇതിനു പുറമേ 300 രൂപ വീതം വെയിറ്റിംഗ് ചാർജായി നൽകിയിട്ടുണ്ട്. തൻവർഷം ഈയിനത്തിൽ 192 ദിവസത്തേക്ക് ആകെ 57600 രൂപ അധികമായി നൽകിയിട്ടുണ്ട്. ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം/ തീയതി | ആകെ ബിൽ തുക | വാഹനവാടക ഇനത്തിൽ നൽകിയ തുക (1000+300 നിരക്കിൽ) | അനുവദനീയമായ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | 1/16/14.11.16 | 184800 | 124800 (96 ദിവസം) | 96000 | 28800 |
| 2 | 2/16/19.12.16 | 61600 | 41600 (32 ദിവസം) | 32000 | 9600 |
| 3 | 4/17/14.02.17 | 62700 | 41600 (32 ദിവസം) | 32000 | 9600 |
| 4 | 6/17/15.03.17 | 30800 | 20800 (16 ദിവസം) | 16000 | 4800 |
| 5 | 10/17/30.03.17 | 30800 | 20800 (16 ദിവസം) | 16000 | 4800 |
| ആകെ അധികം നൽകിയ തുക | | | | | 57600 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം-07/2017 തീയതി 25-05-2017) നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നൽകിയ മറുപടി വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ക്ഷണിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ അംഗീകരിക്കുകയും വീണ്ടും ക്വട്ടേഷൻ ക്ഷണിച്ചാൽ ഇതിൽ കുറവ് തുക ഈ പ്രദേശത്ത് കിട്ടാൻ സാധ്യതയില്ല എന്ന ധാരണയിൽ ടി ക്വട്ടേഷൻ അംഗീകരിച്ച് നടപ്പിലാക്കാൻ തീരുമാനമെടുക്കുകയും ചെയ്തു എന്നാണ്. അപ്രകാരമാണ് പ്രതിദിനം 35-40 കിലോമീറ്ററിന് 1000 രൂപയും വെയിറ്റിംഗ് ചാർജ് 300 രൂപയും കൊടുക്കുവാൻ ഇടയായത് എന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

എന്നാൽ പദ്ധതിമാർഗരേഖയിലെ ഖണ്ഡിക 2.6.5 ൽ 36 മുതൽ 44 വരെ കി.മീ.ന് നൽകാവുന്ന പരമാവധി ദിവസ വാടക 1000 രൂപ മാത്രമാണെന്ന് പറഞ്ഞിട്ടുണ്ട്. ഇതോടൊപ്പം ചേർത്തിട്ടുള്ള കുറിപ്പിൽ 1000 സി.സി.യിൽ താഴെയുള്ള മോട്ടോർകാറിന് ഗതാഗതവകുപ്പ് അംഗീകരിച്ച നിരക്ക് കിലോമീറ്ററിന് 12 രൂപയും വെയിറ്റിംഗ് ചാർജ് മണിക്കൂറിന് 50 രൂപയുമാണെന്ന് പറഞ്ഞിട്ടുണ്ട്. ഇത് വാഹനം ഓടുന്ന കിലോമീറ്ററിന്റെ അടിസ്ഥാനത്തിൽ വാടക നൽകുമ്പോൾ നൽകാവുന്ന നിരക്കാണ്. ഇവിടെ ഒരു ദിവസവാടകയ്ക്കാണ് വാഹനം എടുത്തിട്ടുള്ളതിനാൽ വെയിറ്റിംഗ് ചാർജിനത്തിൽ നൽകിയ 57600 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫിസറിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിലടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-2 കെ.എം.എസ്.സി.എല്ലിൽ നിന്നും മരുന്നുകളും സഹായഉപകരണങ്ങളും ലഭിക്കാൻ അവശേഷിക്കുന്നു

കെ.എം.എസ്.സി.എല്ലിൽ നിന്നും മരുന്നുകളും സഹായ ഉപകരണങ്ങളും വാങ്ങുന്നതിനായി സ്ഥാപനത്തിന്റെ പ്രൊഫോർമ ഇൻവോയിസ് പ്രകാരം ചുവടെ ചേർക്കും പ്രകാരം തുക കെ.എം.എസ്.സി.എല്ലിന് നൽകിയിട്ടുണ്ട്.

| ക്രമ നം | ഇൻവോയിസ് നം, തീയതി | തുക | തുക പിൻവലിച്ച ബിൽ നം, തീയതി | ഫണ്ടിനം |
|---|---|---|---|---|
| 1 | പി.ആർ.എഫ്.1069/ 26.12.16 (ഉപകരണങ്ങൾ) | 87930 | 5/17, 10.03.17 | വികസനഫണ്ട് |

| | | | | |
|---|---|---|---|---|
| 2 | പി.ആർ.എഫ്.1735/ 20.01.17 | 100000 | 9/16-17, 28.03.17 | വികസനഫണ്ട് |
| | (മരുന്ന്) | 200000 | 3008104/25.03.17 | ജില്ലാ പഞ്ചായത്ത് വിഹിതം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം-07/2017 തീയതി 25-05-2017) നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) 26.05.17 ൽ നൽകിയ മറുപടിയിൽ മരുന്നും ഉപകരണങ്ങളും ഇതുവരെ ലഭിച്ചിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പാലിയേറ്റീവ് കെയർ രോഗികൾക്കാവശ്യമായ 10 എണ്ണം വീൽചെയറുകളും 15 എണ്ണം എയർബെഡുകളും 5 എണ്ണം വാക്കറുകളും 2 എണ്ണം ക്രച്ചസുകളും 3 ലക്ഷം രൂപയുടെ മരുന്നുകളുമാണ് ലഭിക്കാനുള്ളത്. ആയതിനാൽ 387930 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തടസ്സത്തിൽ വച്ച ചെലവ് തുക നിരാകരിച്ച് നിയമ നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നതാണ്.

## 3-3 ഔഷധിയിൽ നിന്നും മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു

2016-17 വർഷം ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി രണ്ട് പ്രോജക്ടുകളിലായി 592790 രൂപ ഔഷധിക്ക് നൽകിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ബില്ലുകൾ പ്രകാരം 516781 രൂപയുടെ മരുന്നുകൾ മാത്രമേ ഔഷധിയിൽ നിന്നും ലഭിച്ചിട്ടുള്ളു. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട്- S0016/17 ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ<br>ഒടുക്കിയ തുക- 500000 രൂപ | |
| മരുന്ന് ലഭിച്ചതിന്റെ ബിൽനം, തീയതി | തുക |
| 1277/12.11.16 | 238491 |
| 1319/25.11.16 | 66158 |
| 1720/31.01.17 | 33590 |
| 1998/28.02.17 | 82213 |
| 2245/24.03.17 | 43313 |
| ആകെ | 463765 |
| മരുന്നുകൾ ലഭിക്കാനുള്ള ബാക്കി തുക | 36235 |
| പ്രോജക്ട്- S0042/17 രോഗനിർണ്ണയക്യാമ്പും പ്രതിരോധപ്രവർത്തനങ്ങളും<br>ഒടുക്കിയ തുക- 92790 രൂപ | |
| മരുന്ന് ലഭിച്ചതിന്റെ ബിൽനം, തീയതി | തുക |
| 1276/12.11.16 | 27043 |
| 1727/31.01.17 | 14223 |
| 2237/27.03.17 | 11750 |
| ആകെ | 53016 |
| മരുന്നുകൾ ലഭിക്കാനുള്ള ബാക്കി തുക | 39744 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം-09/2017 തീയതി 26-05-2017) നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നൽകിയ മറുപടിയിൽ മരുന്നും ഉപകരണങ്ങളും ഇതുവരെ ലഭിച്ചിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ 75979 രൂപയുടെ (36235+39744) ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ - ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകിയില്ല

പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 150000 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 75000 രൂപയും ജില്ലാപഞ്ചായത്ത് വിഹിതം 75000 രൂപയും ഉൾപ്പടെ 300000 രൂപ വകയിരുത്തി പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. (നിർവ്വഹണ ഉദ്യോഗസ്ഥ- ഐ.സി.ഡി.എസ്. സൂപ്പർവൈസർ). പദ്ധതിയുടെ ഭാഗമായി വികസന ഫണ്ടിൽനിന്നും 150000 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 75000 രൂപയും ചെലവഴിച്ച് 31 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ബ്ലോക്ക് വിഹിതമായി 1 ലക്ഷം രൂപ ലഭിച്ചിരുന്നെങ്കിലും പഞ്ചായത്ത് വിഹിതം 150000 മാത്രം വകയിരുത്തിയതിനാൽ 75000 രൂപ മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളു.

മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പരമാവധി 9202 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് പരമാവധി 7403 രൂപയുമാണ് നൽകിയിട്ടുള്ളത്. യഥാർഥത്തിൽ ഇതിന്റെ ഇരട്ടി തുകയ്ക്ക് ഇവർക്ക് അർഹതയുണ്ടായിരുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം 19200 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 5300 രൂപ മുതൽ 20000 രൂപ വരെയും സഹായം നൽകാമെന്നിരിക്കെ മതിയായ ഫണ്ട് വകയിരുത്താതെ തുച്ഛമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയത് ഇത്തരത്തിൽ അവശത നേരിടുന്നവരോടുള്ള പഞ്ചായത്തന്റെ അവഗണനയാണ് സൂചിപ്പിക്കുന്നത്.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്/ബത്ത നൽകുന്നതിനുള്ള തുക ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 50:25:25 അനുപാതത്തിൽ വകയിരുത്തണം. ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് അർഹമായ നിരക്കിൽ ആനുകൂല്യം വിതരണം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. ഇത്തരം പ്രോജക്ട് ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ സംയുക്ത പദ്ധതിയായി നടപ്പിലാക്കുന്നതിനും, അർഹമായ നിരക്കിൽ ആനുകൂല്യം വിതരണം ചെയ്യുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 എസ്.എസ്.എ പദ്ധതി- തുക നൽകുന്നതിൽ മാത്രം പരിമിതപ്പെടുന്നു

6മുതൽ 14വയസ്സിനിടയിൽ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് സർവ്വ ശിക്ഷാ അഭിയാൻ. എസ്.എസ്.എ-യുടെ ജില്ലാ പ്രൊജക്ട് ഓഫീസർ തയ്യാറാക്കുന്ന വാർഷിക ബഡ്ജറ്റിൽ നിന്നും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായ 35 ശതമാനം തുക വകയിരുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഹെഡ് മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രസ്തുത പദ്ധതിയ്ക്ക് ഓഡിറ്റ് വർഷം 556310/- രൂപ ചെലവഴിച്ചിട്ടുണ്ട്. (ട്രഷറി ബിൽ നം.1/16-17/13.02.17) നിർബന്ധിത പദ്ധതി എന്ന നിലയിൽ എല്ലാ വർഷവും ഈ പദ്ധതി നടപ്പിലാക്കുന്നു എന്നതു മാത്രമായി പഞ്ചായത്തിന്റെ ചുമതല പരിമിതപ്പെടുന്നു. വ്യക്തമായ ഒരു കർമ്മ പദ്ധതി തയ്യാറാക്കാതെയാണ് തുക ചെലവഴിക്കുന്നത്. പഞ്ചായത്ത് ഭരണസമിതിയോ ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതിയോ എസ്.എസ്.എ ഫണ്ട് ഉപയോഗിച്ച് പഞ്ചായത്തിൽ നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് പരിശോധിക്കുന്നില്ല. പ്രോജക്ട് ഓഫീസർ 21.04.2017 ൽ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നൽകിയ വിനിയോഗ സാക്ഷ്യപത്രത്തിൽ 2016-17 ൽ എസ്.എസ്.എ. പ്രവർത്തനങ്ങൾക്ക് 556310 രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു.

ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ (ഏതെല്ലാം ഘടകങ്ങൾക്കാണ് തുക വിനിയോഗിച്ചത്) ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-6 ഗാന്ധി സ്മൃതി മണ്ഡപം - വയറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന ഗാന്ധി സ്മൃതി മണ്ഡപത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചെങ്കിലും വയറിംഗ് നടത്താത്തതിനാൽ ആയത് ഉപയോഗശൂന്യമായ അവസ്ഥയിലാണ്. ഓഡിറ്റ് വർഷം രണ്ട് പദ്ധതികൾ പ്രസ്തുത ആവശ്യത്തിനായി ആവിഷ്കരിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച വിഹിതം ഉപയോഗിച്ച് 'ഗാന്ധി സ്മൃതി മണ്ഡപം വൈദ്യുതീകരണം' എന്ന പദ്ധതിയും, ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കിയ 'ഗാന്ധി സ്മൃതി മണ്ഡപം വയറിംഗ് ബാക്കി തുക നൽകൽ' എന്ന പദ്ധതിയും. പത്തനംതിട്ട പൊതുമരാമത്ത് വൈദ്യുത വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ 98000/- രൂപയുടെ എസ്റ്റിമേറ്റിനെ ആധാരമാക്കി പ്രസ്തുത പദ്ധതികൾ പ്രകാരം വകയിരുത്തിയ തുകകളായ 62362/- രൂപയും (ട്രഷറി ബിൽ നം. 24/16-17/18.2.17) 35638/- രൂപയും (ട്രഷറി ബിൽ നം. 25/16-17/ 18.2.17) പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പത്തനംതിട്ടയുടെ പേരിൽ 26.02.2017-ൽ നിക്ഷേപം നടത്തി. തുക നിക്ഷേപിച്ചിട്ടും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വയറിംഗ് പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 പഞ്ചായത്ത് ഓഫീസ് കെട്ടിടം വൈദ്യുതീകരണം - തുക ചെലവഴിച്ചെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര്/നമ്പർ | പഞ്ചായത്ത് ഓഫീസ് വയറിംഗ് & റീവയറിംഗ് (167/17) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | 696810 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്), 3190 (തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 696000/- (ട്രഷറി ബിൽ നം. 29/16-17/10.3.17) |

പഞ്ചായത്ത് ഓഫീസിന്റെ നിർമ്മാണം പൂർത്തീകരിച്ചെങ്കിലും കെട്ടിടം ഉപയോഗശൂന്യമായ കിടക്കുകയായിരുന്നു. ഓഡിറ്റ് വർഷം പുതിയ കെട്ടിടത്തിന്റെ വയറിംഗിന്റെ 696000/- രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ തിരുവനന്തപുരത്തിന്റെ പേരിൽ 16.03.2017-ൽ നിക്ഷേപിച്ചു. തുക നിക്ഷേപിച്ചിട്ടും നാളിതുവരെ പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടില്ല. പ്രവൃത്തിയുടെ ടെണ്ടർ നടപടിക്രമങ്ങൾ പോലും നടന്നിട്ടില്ല എന്നാണ് ഈ വിഷയത്തിൽ പഞ്ചായത്ത് അധികൃതർ നൽകിയ വിശദീകരണം. നിക്ഷേപം നടത്തിയ സ്ഥാപനവുമായി കരാറിലേർപ്പെടാത്തത് കാരണം പ്രവൃത്തിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് പഞ്ചായത്തിന് നിയമ നടപടികൾ സ്വീകരിക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്. ഈ വിഷയത്തിന് ഭരണസമിതി പ്രത്യേക പരിഗണന നൽകേണ്ടതാണ്.

## 3-8 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര്/നമ്പർ | നെടുമുരുപ്പേൽ ഇലവുംപാറ പൈപ്പ് ലൈൻ നീട്ടൽ (171/17) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | 200000/- (തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 200000/- (ഡി.ഡി നം. 508671/23.3.17) |

ഗ്രാമപഞ്ചായത്തിന്റെ അഞ്ചാം വാർഡിലെ നെടുമുരുപ്പേൽ-ഇലവുംപാറ ഭാഗത്ത് പൈപ്പ് ലൈൻ നീട്ടുന്നതിന് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ എസ്റ്റിമേറ്റ് പ്രകാരം 20000/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെടാത്ത സാഹചര്യത്തിൽ പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് ഒരു സമയപരിധി നിശ്ചയിച്ചിട്ടില്ല. പ്രവൃത്തിയുടെ നടത്തിപ്പ് സംബന്ധിച്ച് പഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ലൈബ്രറി സെസ്സ് ഒടുക്കു വരുത്തിയിട്ടില്ല

2015-16, 2016-17 വർഷങ്ങളിൽ ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത യഥാക്രമം 97764/-, 128224/- രൂപയും ഉൾപ്പെടെ ആകെ 225988/- രൂപ ലൈബ്രറി കൗൺസിലിൽ ഒടുക്കിയിട്ടില്ല. ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി യഥാക്രമം ഏപ്രിൽ 30-നകവും, നവംബർ 30-നകവും ഒടുക്കേണ്ടതാണ്. ഇതിലുണ്ടാകുന്ന വീഴ്ച സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും, ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണെന്ന് 20.9.2005-ലെ 10088/എൽ.3/05/തസ്വഭവ നമ്പർ സർക്കുലറിൽ പ്രസ്താവിച്ചിട്ടുണ്ട്. ആയതിനാൽ ലൈബ്രറി സെസ്സ് അടിയന്തിരമായി ലൈബ്രറി കൗൺസിലിൽ ഒടുക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചില്ല

പഞ്ചായത്ത് രാജ് നിയമത്തിലെ 272എ വകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും പൗരൻമാർക്ക് പഞ്ചായത്ത് ലഭ്യമാക്കുന്ന വിവിധ ഇനം സേവനങ്ങളെയും അവയുടെ വ്യവസ്ഥകളുടെയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും സംബന്ധിച്ച് ഒരു രൂപരേഖ തയ്യാറാക്കി 'പൗരാവകാശ രേഖ' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. 2004-ലെ പൗരാവകാശ രേഖ തയ്യാറാക്കൽ ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പൊതുതെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു പഞ്ചായത്ത് കമ്മിറ്റി രൂപീകരിക്കപ്പെട്ടതിന് ശേഷം ആറുമാസത്തിനുള്ളിൽ പഞ്ചായത്ത് യോഗം ചേർന്ന്, പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് എന്തെല്ലാം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്നും, അത്തരം ഒരു സേവനം ലഭ്യമാക്കുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും, പ്രസ്തുത സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയായിരിക്കണമെന്നും ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്.

നിലവിലെ ഭരണസമിതി അധികാരമേറ്റ് ഒന്നര വർഷമായിട്ടും പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പൗരാവകാശ രേഖ അടിയന്തിരമായി തയ്യാറാക്കി പ്രസിദ്ധപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 ഐ.എ.വൈ അധികധനസഹായം(എസ്.സി.പി) - വിനിയോഗരേഖകൾ

<u>ലഭ്യമായിട്ടില്ല</u>

| | |
|---|---|
| പ്രൊജക്റ്റ് നം. | S.156/17 |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | രൂ.600000 |
| ചെലവുവിവരം | ബിൽ നം.6/15.2.17- രൂ.6,00,000 |

പ്രസ്തുത പദ്ധതിയുള്ള വിഹിതമായി 24പേർക്ക് 25000രൂപ പ്രകാരം 6,00,000രൂപ ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതും ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതുമാണ്.

## 3-12 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ- പ്രവൃത്തി നടന്നിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് നം. | S.155/17 |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | രൂ.18500 |
| ചെലവുവിവരം | ബിൽ നം.7/15.2.17- രൂ.18500 |

മണ്ണാമൂല കോളനി റോഡിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി 18500രൂപ കെ.എസ്.ഇ.ബി ഇലവുംതിട്ട ഇലക്ട്രിക് സെക്ഷനിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി ചെയ്തതായുള്ള രേഖകൾ നാളിതുവരെ ലഭ്യമായിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-13 അംഗൻവാടികളുടെ മെയിന്റനൻസ് - പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

അംഗൻവാടികളുടെ മെയിന്റനൻസിനായി തൻവർഷം ആരംഭിച്ച താഴെ പറയുന്ന പ്രൊജക്റ്റുകൾ പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. അംഗൻവാടി നം.101-ന്റെ നവീകരണം.

| | |
|---|---|
| പ്രൊജക്റ്റ് നം. | SO.83/17 |
| കൺവീനർ | ഗീതാകുമാരി, വിജയസദനം |
| അടങ്കൽ തുക | രൂ.4,00,000 (വികസനഫണ്ട്-എസ്.സി.പി) |
| ചെലവു വിവരം | ബിൽ നം.57/30.3.17- രൂ.199282 (ഒന്നാം പാർട്ട് ബില്ല്) |

പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല.

2. അംഗൻവാടി നം.103,104എന്നിവയുടെ മെയിന്റനൻസ്.

| | |
|---|---|
| പ്രൊജക്റ്റ് നം. | S.128/17 |
| കോൺട്രാക്ടർ | അജിത്.സി.വി, ചക്കിട്ടയിൽ |
| അടങ്കൽ തുക | രൂ.2,60,744 (മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്) |
| ചെലവു വിവരം | ബിൽ നം.55/30.3.17- രൂ.122995 (ഒന്നാം പാർട്ട് ബില്ല്) |

103-ാം നമ്പർ അംഗൻവാടിയുടെ മെയിന്റനൻസ് നടത്തിയതിനാണ് മേൽതുക ചെലവഴിച്ചിരിക്കുന്നത്. എന്നാൽ 104-ാം നമ്പർ അംഗൻവാടിയുടെ മെയിന്റനൻസ് പ്രവൃത്തികൾ നടത്തിയിട്ടേയില്ല.

മേൽപറഞ്ഞ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 സർവീസ് ടാക്സ് സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല

105-ാം നമ്പർ അംഗൻവാടി മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ (നം.S.127/17) ബില്ലിൽ നിന്നും കുറവ് ചെയ്ത സർവീസ് ടാക്സ് 27279രൂപ (ബിൽ നം.46/30.3.17) സർക്കാരിലേക്ക് ഒടുക്ക വരുത്തിയിട്ടില്ല. പ്രസ്തുത തുക പഞ്ചായത്തിന്റെ ട്രഷറി റ്റി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് ഇട്ടിരിക്കുകയാണ്. തുക ഒടുക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 എസ്.സി.പി ഫണ്ട് വിനിയോഗത്തിൽ മാർഗ്ഗരേഖാലംഘനം

റോഡുകളുടെ കാര്യത്തിൽ പട്ടികജാതിവിഹിതഫണ്ട് വിനിയോഗിക്കുമ്പോൾ കോളനികൾക്കുള്ളിലെ റോഡുകൾക്കു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നതായും, കോളനിയിലേക്കുള്ള റോഡുകൾക്ക് ജനറൽ ഫണ്ട് വിനിയോഗിക്കേണ്ടതാണെന്നും 12-ാം പദ്ധതിമാർഗ്ഗരേഖയിൽ [സ.ഉ.(എം.എസ്) 362/13/ത.സ്വ.ഭ.വ/ തീയതി-16-11-13] ഖണ്ഡിക 9.3-യിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം പ്രവൃത്തി നടത്തിയിരിക്കുന്ന റോഡുകൾ കോളനിയ്ക്കുള്ളിലുള്ളതല്ല.

| പ്രൊജക്ട് നം., പേര് | കൺവീനർ | ബിൽ നം., തീയതി | തുക |
|---|---|---|---|
| S.95/17- വരട്ടചിറ കാലായിൽ മുരുപ്പേൽ റോഡ് കോൺക്രീറ്റിംഗ് | സി.കെ.തോമസ്, വരട്ടചിറ | 45/30.3.17 | 124429 |
| S.96/17- പേക്കാവുങ്കൽ തോന്നിപ്പാറയ്ക്കൽ റോഡ് കോൺക്രീറ്റിംഗ് | വാസുദേവൻ, ഒരിക്കൊമ്പിൽ | 28/18.3.17 | 108756 |
| S.97/17- മുത്തൻകുഴി റോഡ് കോൺക്രീറ്റിംഗ് | സന്ധ്യ, ഒരിക്കൊമ്പിൽ | 29/18.3.17 | 164500 |
| S.116/17- മൈലയ്ക്കൽ മേമുറിഭാഗം റോഡ് കോൺക്രീറ്റിംഗ് | തങ്കമണി ഭാസ്കരൻ, കിഴക്കേ മുണ്ടയ്ക്കൽ | 44/30.3.17 | 357316 |

സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി ഫണ്ട് ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-16 മരാമത്തുപ്രവൃത്തികൾ - ചെലവു രേഖകൾ ഹാജരാക്കാതെ പ്രതിഫലം നൽകി

കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, ചട്ടം 13(6), 17.08.1999-ലെ ജി.ഒ(എം.എസ്) നം. -164/എൽ.എ.ഡി.നം.സർക്കുലർ എന്നിവ പ്രകാരം ഗുണഭോക്തൃ സമിതി ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തികൾക്ക് വാങ്ങുന്ന സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം, യന്ത്ര സാമഗ്രികളുടെ വാടക തുടങ്ങിയവ സംബന്ധിച്ച കണക്കുകൾ, മസ്റ്റർ റോൾ, മിനിറ്റ്സ് ബുക്ക് എന്നിവ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പ്രവൃത്തി പൂർത്തിയാക്കിക്കഴിഞ്ഞാൽ വരവു ചെലവ് കണക്ക്, മസ്റ്റർ റോൾ, വൗച്ചറുകൾ, മിനിട്സ് ബുക്ക്, പാസ്സ് ബുക്ക് എന്നിവ പഞ്ചായത്തിനു നൽകുകയും ചെയ്യണം. പ്രവൃത്തി പൂർത്തീകരിച്ചശേഷം എക്സി.കമ്മിറ്റി യോഗം ചേർന്ന് കണക്കുകൾ പരിശോധിച്ച് വൗച്ചറുകൾ പാസ്സാക്കി മൊത്തം വരവു ചെലവു കണക്കുകൾ അംഗീകരിക്കണം. കൺവീനർക്ക് പ്രവൃത്തി നടത്തുന്നതിന് യഥാർത്ഥത്തിൽ ചെലവായ തുകയോ, ഫൈനൽ ബിൽ പ്രകാരമുള്ള തുകയോ, ഏതാണ് കുറവ് അതിനു മാത്രമാണ് കൺവീനർക്ക് അർഹതയുള്ളത്. എന്നാൽ താഴെപറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ കൺവീനറുടെ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഗുണഭോക്തൃസമിതിയുടെ അംഗീകാരം വാങ്ങുകയോ, വൗച്ചറുകൾ, മസ്റ്റർ റോൾ, പാസ്സ് ബുക്ക് എന്നിവ പഞ്ചായത്തിനു നൽകുകയോ ചെയ്തിട്ടില്ല. കൺവീനർക്ക് യഥാർത്ഥത്തിൽ ചെലവായ തുക കണക്കാക്കാതെ ഫൈനൽ ബിൽ തുക നൽകിയത് ക്രമവിരുദ്ധമായ നടപടിയാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം., പേര് | കൺവീനർ | ബിൽ നം., തീയതി | ചെലവു തുക | റിമാർക്സ് |
|---|---|---|---|---|
| നം.SO.59/17(S.152/16)-മാർക്കറ്റ് നവീകരണം | മനോജ് കുമാർ, മറുകര | 22/25.2.17 | 30000 | വൗച്ചറുകൾ, മിനിറ്റ്സ് എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| നം.SO.71/17(S.193/16)-കുത്തുകല്ലുങ്കൽ പടി-പാറപ്പാട്ട് പടി റോഡ് കോൺക്രീറ്റിംഗ് | സ്കറിയ തോമസ്, പാറപ്പാട്ട് മേമുറിയിൽ | 2/30.1.17 | 108740 | 65855രൂപയുടെ വൗച്ചറുകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. മസ്റ്റർ റോൾ, മിനിറ്റ്സ് ബുക്ക്, പ്രതിഫല തുക അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തതിന്റെ രേഖകൾ എന്നിവയില്ല |
| നം.SO.70/17(S.141/16)-കുരമ്പാല പടി-കാഞ്ഞിരത്തറ മുരുപ്പേൽ നടപ്പാത കോൺക്രീറ്റിംഗ്. | തോമസ് മത്തായി | 4/16.2.17 | 24677 | 18088രൂപയുടെ വൗച്ചറുകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. മസ്റ്റർ റോൾ, പ്രതിഫല തുക അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തതിന്റെ രേഖകൾ എന്നിവയില്ല |
| നം.SO.67/17(S.178/16)-പൂക്കോട് അംഗൻവാടി ചുറ്റുമതിൽ നിർമ്മാണം. | രമേശ്, കുറ്റിയിൽ | 56/30.3.17 | 242380 | വൗച്ചറുകൾ, മസ്റ്റർറോൾ എന്നിവ ഹാജരാക്കിയില്ല. |
| നം.SO.132/17(S.19/16)-ആശാരിമുക്ക് കല്ലുംപുറത്ത് പടി റോഡ് കോൺക്രീറ്റിംഗ്. | രാജീവ്, അറപ്പുരയ്ക്കൽ | 90/30.3.16<br>11/25.2.17 | 100000<br>49461 | വൗച്ചറുകൾ, മസ്റ്റർറോൾ, മിനിറ്റ്സ് എന്നിവ ഹാജരാക്കിയില്ല. |
| നം.S.82/17-നെല്ലിക്കുന്നത്ത് പടി വെള്ളപ്പാറ റോഡിൽ ഓട നിർമ്മാണവും റോഡ് കോൺക്രീറ്റിംഗും. | ബാലചന്ദ്രൻ, സുധാഭവൻ | 41/30.3.17 | 48896 | 14191രൂപയുടെ വൗച്ചറുകൾ മാത്രമേ ഹാജരാക്കിയുള്ളൂ. മസ്റ്റർറോൾ ഹാജരാക്കിയില്ല. |
| നം.S.110/17-നെല്ലിക്കുന്നത്ത് വെള്ളപ്പാറ റോഡിൽ ചിറയത്ത് കിഴക്കുംകര ഭാഗം ഓട നിർമ്മാണം. | അശ്വതി, രതീഷ്ഭവൻ | 53/30.3.17 | 89106 | വൗച്ചറുകൾ, മസ്റ്റർറോൾ, മിനിറ്റ്സ് എന്നിവ ഹാജരാക്കിയില്ല. എഗ്രിമെന്റുകൾ അപൂർണ്ണം. |

| | | | | |
|---|---|---|---|---|
| നം.SO.69/17(S.95/16)- കാവിൽപടി വലിയപ്ലാവു നിൽക്കുന്നതിൽ റോഡ് പാർശ്വഭിത്തി നിർമ്മാണം | തുളസി, കൊച്ചുമുറിയിൽ | 39/24.3.17 | 68836 | വൗച്ചറുകൾ, മസ്റ്റർറോൾ എന്നിവ അപൂർണ്ണം. |
| നം.SO.64/17- തുമ്പോന്തറ പുള്ളോനാൽ പടി റോഡ് കോൺക്രീറ്റിംഗ്. | വിനയചന്ദ്രൻ, പാക്ക്കണ്ടത്തിൽ | 75/23.3.16<br>23/18.3.17 | 125000<br>99672 | വൗച്ചറുകൾ, വരവുചെലവു കണക്ക് എന്നിവ ഹാജരാക്കിയില്ല. |
| നം.S.76/17- ഓവിൽപടി ലക്ഷംവീട് കോളനി റോഡ് കോൺക്രീറ്റിംഗ് | സന്തോഷ് ജോർജ്, പേർക്കോട്ട് | 8/18.2.17 | 99599 | വൗച്ചറുകൾ, മസ്റ്റർറോൾ എന്നിവ ഹാജരാക്കിയില്ല. |
| നം.135/17- തുമ്പോന്തറ പുള്ളോനാൽ കുഴി റോഡ് കോൺക്രീറ്റിംഗ് | വിനയചന്ദ്രൻ, പാക്ക്കണ്ടത്തിൽ | 17/25.2.17 | 97060 | വൗച്ചറുകൾ ഹാജരാക്കിയില്ല. |
| | | ആകെ | 1183427 | |

രേഖകളുടെ അഭാവത്തിൽ തുക നൽകിയ കാരണത്താൽ മേൽപ്പറഞ്ഞ 11,83,427രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 ആശ്രയ പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല

ഗ്രാമപഞ്ചായത്തിലെ ആശ്രയപദ്ധതി ഭക്ഷണ വിതരണത്തിൽ മാത്രം ഒതുങ്ങുന്നു. നിലവിൽ രണ്ട് ഘട്ടങ്ങളാണ് നടപ്പിലാക്കി വരുന്നത്. പദ്ധതി വിവരം ചുവടെ ചേർക്കുന്നു.

| ഘട്ടം | കാലയളവ് | അംഗീകാരം ലഭിച്ചത് | ഗുണഭോക്താക്കൾ | റീവിസിറ്റ് പ്രകാരമുള്ള ഗുണഭോക്താക്കൾ |
|---|---|---|---|---|
| 1 | 2010-13 | 2011 | 83 | 64 |
| 2 | 2013-14 | 2014 | 51 | -- |

പദ്ധതിയുടെ ധനകാര്യവിശകലനം ചുവടെ ചേർക്കുന്നു.

ഒന്നാം ഘട്ടം

| ഫണ്ടിനം | വകയിരുത്തിയ തുക | ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| കുടുംബശ്രീ കമ്പ്യൂട്ടർ ഫണ്ട് | | 200000 | 97690 |
| ചലഞ്ച് ഫണ്ട് | 343240 | 343240 | 343240 |
| ഗ്രാമപഞ്ചായത്ത് വിഹിതം | 439860 | 400000 | -- |
| സംഭാവന | 75000 | – | – |
| ആകെ | 858100 | 943240 | 440930 |

രണ്ടാം ഘട്ടം

| ഫണ്ടിനം | വകയിരുത്തിയ തുക | ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| ചലഞ്ച് ഫണ്ട് | 3150000 | 250000 | 61470 |
| ഗ്രാമപഞ്ചായത്ത് വിഹിതം | 776952 | 258984 | 258984 |
| ആകെ | 3926952 | 508984 | 320454 |

ആശ്രയ മാർഗ്ഗരേഖ പ്രകാരം ഭക്ഷണം വസ്ത്രം മരുന്ന് ഉടങ്ങിയ അത്യാവശ്യ സഹായങ്ങൾ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കേണ്ടതാണ്. വീട് വയ്ക്കാൻ സ്ഥലം, വീട്, വീട് പുനരുദ്ധാരണം, കക്കൂസ്, കുടിവെള്ളം, കറണ്ട് ഉടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾക്കുള്ള ഫണ്ടാണ് സ്ഥാപനങ്ങൾ വഹിക്കേണ്ടത്. ജനറൽ, എസ്.സി./എസ്.ടി. എന്നീ വിഭാഗങ്ങൾക്കായി മേൽ അവശ്യങ്ങൾക്ക് വിഭാവനം ചെയ്യുന്ന പ്രോജക്ടിലെ ആദ്യ ഗുണഭോക്താക്കളായി ആശ്രയ പദ്ധതിയിൽപ്പെട്ട ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയാണ് ഇവരുടെ ആവശ്യങ്ങൾ നിറവേറ്റേണ്ടത്. അതുകൊണ്ട് തന്നെ പ്രോജക്ട് ആരംഭിച്ച് ആദ്യ വർഷങ്ങളിൽതന്നെ ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യങ്ങൾ നിറവേറ്റപ്പെടേണ്ടതായിരുന്നു. ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനു മുമ്പ്തന്നെ അതിലും ഉയർന്ന സാമ്പത്തിക ശേഷിയുള്ള മറ്റു വിഭാഗങ്ങളിലുള്ളവർക്ക് ധനസഹായം ലഭ്യമാകുന്ന സ്ഥിതിവിശേഷമാണ് പഞ്ചായത്തിലുള്ളത്. ആയതിനാൽ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ ആവശ്യങ്ങൾ പദ്ധതി ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിക്കാതെ അവശേഷിക്കുന്നു. മേൽ വിഷയത്തിൽ പഞ്ചായത്ത് സത്വര ശ്രദ്ധ ചെലുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നം./ പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക, ചെക്ക്/ഡി.ഡി. /ചലാൻ നം | പൂർത്തീകരിച്ച വിവരം |
|---|---|---|---|
| കെ.എസ്.ഇ.ബി | 47/17- വാർഡ് 8 ൽ തയ്യിൽപടി പെരുവംകുളം റോഡിൽ അശ്വതിപടി മുതൽ പെരുവംകുളം വരെ ഇലക്ട്രിക്കൽ ലൈൻ എക്സ്റ്റൻഷൻ | 20202/- 304096/ 18.11.16 | പൂർത്തീകരിച്ചിട്ടില്ല |
| കെ.എസ്.ഇ.ബി | 50/17- പൂവപ്പള്ളി ഏലാ റോഡിൽ കരിമ്പനയ്ക്കൽ മേലേൽ ഭാഗം സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 29393/- 304095/ 18.11.16 | പൂർത്തീകരിച്ചിട്ടില്ല |
| പി.ഡബ്ല്യു.ഡി | 49/17- ഗാന്ധിസ്മൃതിമണ്ഡപം വൈദ്യുതീകരണം | 62362/- 160505000000001246/ 18.02.17 | പൂർത്തീകരിച്ചിട്ടില്ല |
| പി.ഡബ്ല്യു.ഡി | 150/17- ഗാന്ധിസ്മൃതിമണ്ഡപം വയറിംഗ് ബാക്കി തുക നൽകൽ | 35638/- 160505000000001247/ 18.02.17 | പൂർത്തീകരിച്ചിട്ടില്ല |

| | | | |
|---|---|---|---|
| പി.ഡബ്ല്യ.ഡി | 167/17- പഞ്ചായത്ത് ഓഫീസ് വയറിംഗ്& റീവയറിംഗ് | 696000/- 1605050000000001918/ 09.03.17 | പൂർത്തീകരിച്ചിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | 171/17- നെട്ടമുരുപ്പേൽ- ഇലവുംപാറ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 200000/- 508671/ 23.03.17 | പൂർത്തീകരിച്ചിട്ടില്ല |

## 4-2 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-3 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇല്ല | | | | | |

## 4-4 സ്ഥിരനിക്ഷേപങ്ങൾ

- ഇല്ല

## 4-5 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2007-08 മുതൽ 2010-11 വരെ | ഖണ്ഡിക 2-7 | 750രൂപ | ശ്രീമതി ഷേർലി ഗോപാൽ, സെക്രട്ടറി | 11602103331/ 10.02.17 |

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക | 40284311 |

| | |
|---|---|
| ഉൾപ്പെടെ) | |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 32222824 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 57600 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1647336 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 57600 | ഡോ. മായ.ആർ, മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) |
| ആകെ | | 57600 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 387930 | ഡോ. മായ.ആർ, മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) |
| 3-3 | 75979 | ഡോ. മഞ്ജു, മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) |
| 3-16 | 1183427 | ശ്രീമതി സുനിമോൾ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1647336 | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. മായ.ആർ, മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി.ഇലന്തൂർ | 'വാൽസല്യം',<br>കമ്പനിപ്പടി,<br>വളഞ്ഞവട്ടം.പി.ഓ,<br>പുളിക്കീഴ് |
| ഡോ. മഞ്ജു, മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | മെഡിക്കൽ ഓഫീസർ,<br>ഗവ.ആയുർവ്വേദ ഡിസ്പെൻസറി, ഇലന്തൂർ | ആനന്ദവാടി,<br>ഉള്ളന്നൂർ.പി.ഓ,<br>കുളനട |

| | | |
|---|---|---|
| ശ്രീമതി സുനിമോൾ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലന്തൂർ ഗ്രാമപഞ്ചായത്ത് | ലക്ഷ്മി ഇല്ലം, ചേന്താപ്പൂർ, ഡീസന്റ് ജംഗ്ഷൻ, കൊല്ലം |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ.പി.2/586/01 തീയതി 29.10.01 |
| 2000-01 | എൽ.എഫ്.പി.റ്റി.എ.പി.3/511/02 തീയതി 11.12.02 |
| 2001-02 | എൽ.എഫ്.പി.റ്റി.എ.പി.2/228/04 തീയതി 14.03.05 |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി.2/741/04 തീയതി 12.05.05 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി.11/367/08 തീയതി 30.06.09 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി.11/73/10 തീയതി 31.10.10/30.12.10 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.6/566/11 തീയതി 21.11.11/11.03.13 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.6/567/11 തീയതി 30.11.11 |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ.പി.6/40/13 തീയതി 22.03.13 |
| 2011-12 മുതൽ 2012-13 വരെ | എൽ.എഫ്.പി.റ്റി.എ.പി.5/399/14 തീയതി 04.10.14 |
| 2013-14 | കെ.എസ്.എ.പി.റ്റി.എ.പി.5/573/15 തീയതി 13.07.15/15.07.15 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.5/608/16 തീയതി 02.06.16 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി.5/55/17 തീയതി 13.02.17 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട ജില്ല

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി5/660/2017 തീയതി 16.06.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-3-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# Annexure-1

# CERTIFICATE

No.KSAPTA-P5/660/2017 Dated 16.06.2017

Certified that I have examined the Annual Financial Statement of Elanthoor Grama Panchayat in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Elanthoor Grama Panchayat for the year 2016-17 except the obeservations in para 1-3 of my report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director

Kerala State Audit Department

Pathanamthitta